പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1322

07/03/2018 ൽ മറുപടിയ്ക്ക്

## സി.എം.ഒ.കേരള വെബ് സൈറ്റ് വഴി നിവേദന വിവരം അറിയിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | എം.ൽ.എ.മാരുടെ ശിപാർശയോടെ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുന്ന നിവേദനങ്ങളിൽ സ്വീകരിക്കുന്ന അന്തിമ നടപടി സംബന്ധിച്ച വിവരം സി.എം.ഒ.കേരള എന്ന വെബ് സൈറ്റ് വഴി എം.ൽ.എ.മാരെ അറിയിക്കാൻ നിലവിൽ സംവിധാനം ഒരുക്കിയിട്ടുണ്ടോ ; | സി.എം.ഒ. പോർട്ടൽ വഴി അറിയിക്കാൻ നിലവിൽ സംവിധാനമില്ല |
| (ബി) | ഇല്ലെങ്കിൽ സി.എം.ഡി.ആർ.എഫ് .അപേക്ഷകളിൽ സ്വീകരിക്കുന്ന നടപടി വിവരം അറിയിക്കുന്ന രീതിയിൽ നിവേദനങ്ങൾ/ അപേക്ഷകൾ എന്നിവയിൽ സ്വീകരിച്ച അന്തിമ നടപടി സംബന്ധിച്ച വിവരം സി.എം.ഒ.കേരള വെബ് സൈറ്റ് വഴി എം.ൽ.എ.മാരെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ ;വിശദാംശങ്ങൾ നൽകാമോ ? | സി.എം.ഒ. പോർട്ടൽ വഴി ലഭിക്കുന്ന പരാതികളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് പരാതികൾ കൈമാറുകയും പ്രസ്തുത വിവരം അറിയിച്ചുകൊണ്ട് ബഹു.മുഖ്യമന്ത്രി എം.ൽ.എ.മാർക്ക് മറുപടി നൽകുകയും ചെയ്യുന്നുണ്ട്. സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ട പരാതികളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും റിപ്പോർട്ട് വേണ്ടി വരുമ്പോൾ അത് കൂടി പരിശോധിച്ചാണ് തീരുമാനം കൈക്കൊള്ളുക. തീർപ്പ് സംബന്ധിച്ച അറിയിപ്പ് അതാത് വകുപ്പുകൾ തന്നെ എം.എൽ.എ.മാർക്ക് നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.